# ശ്രീ നാരായണ ഗുരു കോളേജ് ചേങ്ങന്നൂർ

## PTA വാർഷിക report 2024-25

2024-25 അക്കാദമിക വർഷത്തെ PTA 2024 June മാസം 29 ന് നിലവിൽ വന്നു. രക്ഷകർത്താക്കളുടെ പൂർണ്ണമായ സഹകരണത്താൽ 22,74,000 രൂപ പിരിച്ചെടുക്കാൻ സാധിച്ചു. ഏതൊരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും ഒരു അവിഭാജ്യ ഘടകമാണ് അവിടുത്തെ PTA അതുപോലെ ഈ കോളേജിന്റെ ദൈനദിനവും അക്കാദമികവും ആയ എല്ലാ പ്രവർത്തനങ്ങളും PTA യുടെ പങ്കാളിത്തത്തോടെ ആണ് നടന്നു വരുന്നത്. ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻ പറ്റി എന്നുള്ള ചാരിതാർഥ്യം ഒന്നുമില്ലെങ്കിലും, കുറച്ചു കാര്യങ്ങൾ എങ്കിലും ചെയ്യാൻ സാധിച്ചല്ലോ എന്ന സന്തോഷത്തിൽ ആണ് ഇന്നിവിടെ നിൽക്കുന്നത്. അതിൽ ഏറ്റവും പ്രധാനപെട്ടത് നമ്മൾ ഇപ്പോൾ കൂടിയിരിക്കുന്ന സെമിനാർ ഹാൾ തന്നെ ആണ്. കഴിഞ്ഞ വർഷം ആദ്യ PTA മീറ്റിംഗിന് വന്നപ്പോൾ പൊട്ടിയ സിലിങ്ങോടു കൂടിയതായിരുന്നു ഈ ഹാൾ എങ്കിൽ ഇപ്പോൾ നല്ല ഒരു സെമിനാർ ഹാൾ ആയി മാറ്റാനും അതിലേക്കായി നൂറ് കസാലകൾ വാങ്ങാനും, ചോർച്ച പ്രശ്നം പരിഹരിക്കാനും PTA ക്ക് സാധിച്ചു. ഈ അവസരത്തിൽ പൂർവ വിദ്യാർത്ഥികളുടെ സഹകരണം നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ കലാലയത്തിന്റെ മുറ്റം കുട്ടികളുടെ കൂടിച്ചേരലുകൾക്ക് മാറ്റിവെക്കുന്നതിനായി ഒരു കാർ പാർക്കിംഗ് സൗകര്യം ഒരുക്കാനും, യൂണിവേഴ്സിറ്റി പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനായി ഇൻവെർട്ടർ സൗകര്യം ഒരുക്കി കൊടുക്കാനും, സിസിടിവി ക്യാമറകൾ സ്ഥാപിക്കാനും ഈ PTA ക്ക് സാധിച്ചു. .നമ്മുടെ ഫ്ലാഗ്ഷിപ് പ്രോഗ്രമായ Ripples സെമിനാർ സീരിസും, യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള ധനസഹായവും ഈ വർഷത്തെ PTA ക്ക് നൽകാൻ സാധിച്ചു.

ഈ അവസരത്തിൽ PTA എക്സിക്യൂട്ടീവ് അംഗങ്ങളോടുള്ള എന്റെ കൃതജ്ഞത രേഖപെടുത്തുന്നു. വളരെ കൃത്യമായും കണിശമായും കണക്കുകൾ സൂക്ഷിച്ച treasurer ദിവ്യ

ടീച്ചർക്കും. ഏറ്റെടുത്ത എല്ലാ പ്രവർത്തനങ്ങൾക്കും കണ്ണും കരുത്തുമായ് നിന്ന രാജേഷ് സാറിനും എന്റെ അസാന്നിധ്യത്തിൽ സെക്രട്ടറി സ്ഥാനം ഏറ്റെടുത്ത വന്ദന ടീച്ചർക്കും, അനുസ്മിത മിസ്സിനും ഞാൻ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയാൻ ഈ അവസരം ഉപയോഗിക്കുന്നു.

കൂടാതെ ഞങ്ങൾ മുന്നോട്ടു വെക്കുന്ന എല്ലാ ക്രിയാത്മകമായ നിർദേശങ്ങളോടും അനുഭാവപൂർണ്ണമായ ഇടപെടൽ നടത്തിയ PTA വൈസ് പ്രസിഡന്റ് ശ്രീ വിനോദ് Sir, മറ്റു രക്ഷകർത്തൃ പ്രതിനിധികൾ ആയ മോഹനൻ sir, ഷാജി sir, ലിനി മാഡം, മിനി മാഡം എന്നിവർക്കും ഹൃദയഗമമായ നന്ദി അറിയിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു.

മാർച്ച് 31 വരെ ഉള്ള ഓഡിറ്റ് ചെയ്ത് കണക്കുകൾ ഇവിടെ treasurer അവതരിപ്പിക്കുന്നതാണ്.

സെക്രട്ടറി